"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - തൊഴിൽ വകുപ്പിൽ നിന്നും പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ലിസി വി കെ -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.823/2025/LSGD തീയതി,തിരുവനന്തപുരം, 26-03-2025**

---

പരാമർശം:-
1. ലേബർ കമ്മീഷണറുടെ 23/01/2025-ലെ LCO/2587/2022-E(6) നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 05/03/2025-ലെ LSGD/PD/5048/2025-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

തൊഴിൽ വകുപ്പിൽ നിന്നും പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യസിച്ചിരുന്ന ശ്രീമതി ലിസി വി കെ 31/05/2025-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ പെൻഷനുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനും മാതൃവകുപ്പിൽ സൗകര്യപ്രദമായ നിയമനം ലഭിക്കുന്നതിനുമായി പുനർവിന്യാസത്തിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യവുമായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേൽ അനുകൂല നടപടികൾക്കായി ശിപാർശ ചെയ്തുകൊണ്ട് വകുപ്പ് മേധാവി പരാമർശം (1) പ്രകാരം സർക്കാരിൽ കത്ത് ലഭ്യമാക്കിയിരുന്നു. ടിയാനെതിരെ പാമ്പാക്കുട ബ്ലോക്കിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിൽ നിന്നും പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലിസി വി കെ -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി. ലിസി വി കെ, സീനിയർ ക്ലർക്ക്, പാമ്പാകുട ബ്ലോക്ക് പഞ്ചായത്ത്(ലേബർ കമ്മീഷണർ മുഖേന)

സെക്രട്ടറി, പാമ്പാകുട ബ്ലോക്ക് പഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

തൊഴിൽ വകുപ്പ് (LBRD-D3/40/2025-LBRD മുഖേന)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/31/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 27-03-2025 11:02:40

സെക്ഷൻ ഓഫീസർ